**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4055** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ എന്‍ജിനീയറിങ്ങ് വകുപ്പ് മുഖേന ചെയ്യുന്ന കെട്ടിടങ്ങളുടെ ഇലട്രിക്ക് പ്രവൃത്തികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്യുന്ന കെട്ടിടങ്ങളുടെ ഇലക്ട്രിക് പ്രവൃത്തികള്‍ നിലവില്‍ ആരാണ് ചെയ്യുന്നത്; വിശദാംശങ്ങള്‍ അറിയിക്കാമോ; | (എ) | 22.09.2015 ലെ സ.ഉ(സാധാ.) 2878/2015/ തസ്വഭവ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പില്‍ ത്രിതല പഞ്ചായത്തുകള്‍ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയാറാക്കുന്നതിനും സാങ്കേതികാനുമതി നല്‍കുന്നതിനും പ്രവൃത്തികളുടെ ചെക്ക് മെഷര്‍മെന്റ് നടത്തുന്നതിനുമായി ഒരു സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ഇലക്ട്രിക്കല്‍ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേല്‍നോട്ടം വഹിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവിടങ്ങളില്‍ നിന്നും വിരമിച്ച യോഗ്യരായ എന്‍ജിനീയര്‍മാരുടെ ഒരു പാനല്‍ ഓരോ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എന്‍ജിനീയര്‍മാരും തയ്യാറാക്കിയിട്ടുണ്ട്. ഈ പാനലില്‍ നിന്നും ഒരു എന്‍ജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിലേര്‍പ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടര്‍ രേഖകള്‍ തയ്യാറാക്കുക, മേല്‍നോട്ടം വഹിക്കുക, ബില്‍ തയ്യാറാക്കുക എന്നിവ തിരഞ്ഞെടുക്കപ്പെട്ട എന്‍ജിനീയറുടെ ഉത്തരവാദിത്തം ആയിരിക്കും. ഇലക്ട്രിക്കല്‍ പ്രവര്‍ത്തികളുടെ സാങ്കേതികാനുമതി, ചെക്ക് മെഷര്‍മെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ കണ്‍വീനറായി, പൊതുമരാമത്തുവകുപ്പ്, കെ.എസ്.ഇ.ബി. എന്നിവിടങ്ങളില്‍ നിന്നും വിരമിച്ച ഇലക്ട്രിക്കല്‍ എന്‍ജിനീയര്‍മാര്‍ അംഗങ്ങളായ, മൂന്നംഗങ്ങളില്‍ കുറയാതെയുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എന്‍ജിനീയര്‍ സാങ്കേതികാനുമതി നല്‍കുകയും ബില്‍ പാസാക്കുകയും ചെയ്യുന്നു. 08.02.2019 ലെ |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ.) 267/2019/തസ്വഭവ പ്രകാരം ഇലക്ട്രിക്കൽ പ്രവർത്തികൾ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും കൂടി ബാധകമാക്കിയിട്ടുള്ള താണ്. 31.12.2018 ലെ സ.ഉ(സാധാ.) 3277/2018/തസ്വഭവ പ്രകാരം കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി കോർപറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ കൺവീനറായി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. 23.09.2020 ലെ സ.ഉ(സാധാ.) 1715/2020/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദം ഉള്ളവരുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ സർക്കാർ വകുപ്പിലെ ഇലക്ട്രിക് മേഖലയിൽ നിന്നും റിട്ടയർ ചെയ്ത ഒരാളോ എൻജിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു എൻജിനീയറോ കമ്മിറ്റിയിൽ ഉണ്ടാകണം എന്ന നിബന്ധനയോടെ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് ബി.ടെക്ക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | കെട്ടിടം പണി പൂർത്തിയായിട്ടും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിലുള്ള കാലതാമസം മൂലം പല കെട്ടിടങ്ങളും യഥാസമയം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ തന്നെ ഇലക്ട്രിഫിക്കേഷൻ സെക്ഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ